LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സർവ്വകലാശാല വിഭജനം

218 (T5652) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാല വിഭജിച്ച് വെറ്ററിനറി സർവ്വകലാശാല രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ സ്വീകരിച്ചതുപോലെ മാതൃ സർവ്വകലാശാലയുടെ സ്ഥാവരജംഗമ വസ്തുക്കൾ പുതിയ സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യാതെ നിലനിർത്തുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സർവ്വകലാശാല രൂപീകൃതമായതിന്റെ അടിസ്ഥാനത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരെ മാതൃസർവ്വകലാശാലയിൽത്തന്നെ നിലനിർത്തി പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)14-6-2010-ലെ 29/2010 നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലേക്കായി ശ്രീ എസ്.സുബ്ബയ്യ, സ്പെഷ്യൽ ആഫീസർ 15-7-2010-ൽ സർവ്വകലാശാല വൈസ് ചാൻസിലർ, രജിസ്ട്രാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. വിശദമായ ചർച്ചകളിലൂടെ മാത്രമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർ

219 (5653) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാലയിൽ എത്ര ജീവനക്കാരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ കാർഷിക സർവ്വകലാശാലയിൽ പൂർണ്ണമായും സംവരണതത്വം പാലിക്കാൻ തയ്യാറാകുമോ ;

(ഡി) നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	അദ്ധ്യാപകർ	അനദ്ധ്യാപകർ	ആകെ
1	തിരുവനന്തപുരം	129	226	355
2	കൊല്ലം	12	14	26
3	കോട്ടയം	29	49	78
4	പത്തനംതിട്ട	0	5	5
5	ആലപ്പുഴ	17	23	40
6	ഇടുക്കി	3	16	19
7	എറണാകുളം	32	81	113
8	തൃശ്ശൂർ	351	646	997
9	പാലക്കാട്	36	86	122
10	മലപ്പുറം	37	56	93
11	കോഴിക്കോട്	2	14	16
12	വയനാട്	69	47	116
13	കണ്ണൂർ	15	16	31
14	കാസർഗോഡ്	49	49	98
		781	1328	2109

(ബി-സി) കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ റൂൾ 43 പ്രകാരം കെ.എസ്.എസ്.ആർ-ലെ 14 മുതൽ 17 വരെയുള്ള തത്വങ്ങൾ പാലിച്ചുകൊണ്ടാണ് അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പിന്തുടരുന്ന 100 പോയിന്റ് സംവരണ റോസ്റ്റർ പ്രകാരമാണ് നിയമനങ്ങളിൽ സംവരണം നൽകുന്നത്.

(ഡി) വിജ്ഞാപനത്തിൽ പറയും പ്രകാരമുള്ള എഴുത്തുപരീക്ഷ/പ്രായോഗിക പരീക്ഷ/അഭിമുഖം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly